(ഡി) ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ നടത്തിപ്പിനായി ജീവനക്കാരെ പ്രത്യേകം നിയമിച്ചിട്ടില്ല.

പുതുക്കിയ റേഷൻകാർഡ്

112 (2607) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുക്കിയ റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗം, പൊതു വിഭാഗം എന്നിങ്ങനെ വേർതിരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഓരോ വിഭാഗത്തിലുംപെട്ട റേഷൻ കാർഡുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിലെ റേഷൻകാർഡുകൾ പുതുക്കുന്ന പ്രക്രിയ നടന്നുവരുന്നു. ദേശീയ ഭക്ഷ്യസുരക്ഷാ നിയമം 2013 പ്രകാരം സംസ്ഥാനത്തെ 1.54 കോടി ജനങ്ങളാണ് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുന്നത്. ഏകദേശം 30,80,000 മുൻഗണനാ കാർഡുകളും 53 ലക്ഷം പൊതുവിഭാഗം കാർഡുകളും റേഷൻകാർഡ് പുതുക്കൽ പ്രക്രിയ പൂർത്തീകരിക്കുമ്പോൾ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

പാമോയിൽ ഇറക്കുമതി

113 (T2608) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാമോയിൽ ഇറക്കുമതി കേസ്സിൽ പാമോയിൽ ഇറക്കുമതി നടപടി തെറ്റായിപ്പോയി എന്ന ചീഫ് സെക്രട്ടറിയുടെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly